***'CORRUPTION, A CRIME AGAINST NATION'***

വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ,
തിരുവനന്തപുരം - 695 033,
ഇ-മെയിൽ : vig.vacb@kerala.gov.in
ഫോൺ : 0471-2305393
തീയതി : 20.09.2022

# "വടശ്ശേരിക്കര മുൻ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറെയും അമ്പലപ്പുഴ മുൻ അഡീഷണൽ തഹസിൽദാറിനെയും വിജിലൻസ് കോടതി ശിക്ഷിച്ചു"

1. **വടശ്ശേരിക്കര മുൻ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ** :

2001-2005 കാലഘട്ടത്തിൽ പത്തനംതിട്ട ജില്ലയിലെ വടശ്ശേരിക്കര വില്ലേജ് ഓഫീസിൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ആയിരുന്ന സുകുമാരൻ 6,69,445/- രൂപ ക്രമക്കേടുകൾ നടത്തിയതിലേക്ക് പത്തനംതിട്ട വിജിലൻസ് രജിസ്റ്റർ ചെയ്ത കേസിൽ സുകുമാരനെ കുറ്റക്കാരനാണ് കണ്ടെത്തി 4 വർഷം കഠിന തടവിനും 95,000/- രൂപ പിഴ ഒടുക്കുതിനും ശിക്ഷിച്ചു.

2001-2005 കാലഘട്ടത്തിൽ പത്തനംതിട്ട ജില്ലയിലെ വടശ്ശേരിക്കര പഞ്ചായത്തിൽ കേരള വികസന പദ്ധതി പ്രകാരമുള്ള ഭവന നിർമ്മാണ പദ്ധതിയുടെ നിർവഹണ ഉദ്യോഗസ്ഥനായിരുന്ന സുകുമാരൻ 6,69,445/- രൂപ ക്രമക്കേടുകൾ നടത്തി വെ 'ിച്ചതിലേക്കു പത്തനംതി' വിജിലൻസ് യൂണിറ്റ് രജിസ്റ്റർ ചെയ്ത കേസിൽ പ്രതിയായ സുകുമാരൻ വിവിധ വകുപ്പുകളിൽ നാലു വർഷം കഠിന തടവിനും 95,000 രൂപ പിഴ ഒടുക്കുതിനും തിരുവനന്തപുരം വിജിലൻസ് കോടതി ശിക്ഷിച്ചത്. 2013-ൽ പത്തനംതിട്ട വിജിലൻസ് ഡിവൈഎസ്പി ആയിരുന്ന ശ്രീ പി. കെ. ജഗദീഷ് രജിസ്റ്റർ ചെയ്ത കേസിൽ ഇൻസ്പെക്ടർമാരായ ശ്രീ വിദ്യാധരൻ, ശ്രീ ആർ ജയരാജ് എിവർ അന്വേഷണം നടത്തിയിട്ടുള്ളതും, ഡി.വൈ.എസ്.പി. ആയ ശ്രീ പി. ഡി. രാധാകൃഷ്ണപിള്ള കുറ്റപത്രം സമർപ്പിച്ചിട്ടുള്ളതുമായ കേസിലാണ് ബഹുമാനപ്പെട്ട തിരുവനന്തപുരം വിജിലൻസ് കോടതി ഇന്ന്(20.09.2022) ശിക്ഷ വിധിച്ചത്. വിജിലൻസിന് വേണ്ടി വിജിലൻസ് പബ്ലിക് പ്രോസിക്യൂട്ടർ ശ്രീ രാജ്മോഹൻ .ആർ പിള്ള കോടതിയിൽ ഹാജരായി.

(മറുപുറം)

## 2. <u>അമ്പലപ്പുഴ മുൻ അഡീഷണൽ തഹസിൽദാർ</u> :

ആലപ്പുഴ ജില്ലയിലെ അമ്പലപ്പുഴ താലൂക്കിൽ 2014-ൽ അഡീഷണൽ തഹസിൽദാർ ആയിരുന്ന പുന്നപ്ര സ്വദേശയായ വി. സുഗുണൻ 8000/ രൂപാ കൈക്കൂലി വാങ്ങിയതുമായി ബന്ധപ്പെട്ട വിജിലൻസ് കേസിൽ കുറ്റക്കാരനാണെന്ന് കണ്ടെത്തി കഠിന തടവിനും പിഴ ഒടുക്കുന്നതിനും ശിക്ഷിച്ചത്.

അമ്പലപ്പുഴ സ്വദേശിയായ റിനു സേനന് റീ സർവ്വേയിൽ വസ്തു കുറഞ്ഞത് പരിഹരിച്ച് നൽകുന്നതിന് 2014 ൽ അമ്പലപ്പുഴ തഹസിൽദാർക്ക് അപേക്ഷ സമർപ്പിച്ചിരുന്നു. അപേക്ഷ സമർപ്പിച്ച് മാസങ്ങൾ കഴിഞ്ഞിട്ടും  യാതൊരു നടപികളും ആകാത്തതിനെ തുടർന്ന് താലൂക്ക് ഓഫീസിലെത്തി അന്വേഷിച്ചപ്പോൾ ഫയൽ അഡീഷണൽ തഹസിൽദാർ വി.സുഗുണന്റെ കൈവശമാണെന്നറിയുകയു തുടർന്ന് പരാതി പരിഹരിച്ചു നൽകുന്നതിന് 8000/- രൂപാ കൈക്കൂലി ആവശ്യപ്പെടുകയുമാണുണ്ടായത്. ഇക്കാര്യം പരാതിക്കാരനായ റിനു സേനൻ അന്നത്തെ ആലപ്പുഴ വിജിലൽസ് ഡി.വൈ.എസ്.പി. ആയിരുന്ന ശ്രീ എ. അശോക് കുമാറിനെ അറിയിക്കുകയും തുടർന്ന് ഡി.വൈ.എസ്.പി യുടെ നേതൃത്വത്തിലുള്ള വിജിലൻസ് സംഘം കെണി ഒരുക്കി 2014 നവംബർ 26-ാം തീയതി വി. സുഗുണൻ 8000/-  രൂപാ കൈക്കൂലി കൈപ്പറ്റുന്ന സമയത്ത് പിടികൂടുകയായിരുന്നു. തുടർന്ന് അന്വേഷണം നടത്തി കുറ്റപത്രം നൽകിയ കേസിലാണ് ബഹു: വിജിലൻസ് കോടതി പ്രതിയായ സുഗുണനെ കുറ്റക്കാരനാണെന്ന് കണ്ടെത്തി ഇന്ന് (20.09.2022) ശിക്ഷ വിധിച്ചത്. അഴിമതി നിരോധന നിയമത്തിലെ രണ്ട് വകുപ്പുകളിലായി രണ്ടു വർഷം വീതം കഠിന തടവിനും 16,000/ രൂപാ വീതം പിഴ ഒടുക്കുന്നതിനുമാണ് കോടതി ശിക്ഷ വിധിച്ചത്. പിഴ ഒടുക്കാത്ത പക്ഷം 6 മാസം കൂടി അധിക തടവ് അനുഭവിക്കണമെന്നും ശിക്ഷ ഒന്നിച്ച് അനുഭവിച്ചാൽ മതിയെന്നും വിധി ന്യായത്തിൽ പറയുന്നു.

വിജിലൻസ് ആലപ്പുഴ യൂണിറ്റ് മുൻ ഡി.വൈ.എസ്.പി. ശ്രീ എ. അശോക്കുമാർ രജിസ്റ്റർ ചെയ്ത് കേസിൽ അന്വേഷണം പൂർത്തിയാക്കി കുറ്റപത്രം സമർപ്പിച്ച കേസിൽ വിജിലൻസിനു വേണ്ടി പ്രോസിക്യൂഷന് വേണ്ടി പബ്ലിക് പ്രോസിക്യൂട്ടർ ശ്രീ രാജ്മോഹൻ ആർ. പിള്ള ഹാജരായി.